## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 724 — 28.02.2017-ൽ മറുപടിക്ക്

### സൂപ്രണ്ടുമാരുടെ സ്ഥലം മാറ്റം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി.ആർ. സുനിൽ കുമാർ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേപ്പ്-ൽ 20-01-2017-ൽ നടന്ന ജൂനിയർ സൂപ്രണ്ടുമാരുടെ സ്ഥലം മാറ്റ ഉത്തരവിൽ 28-3-16-ലെ സർക്കുലറിലെ നിബന്ധനകൾ 1,2,3,7 എന്നിവ പാലിച്ചിരുന്നോ ; | (എ) | 28.3.2016-ലെ സർക്കുലർ നിബന്ധനകൾ പാലിച്ചിരുന്നില്ല. കാരണം 28.3.2016-ലെ സർക്കുലർ 2016 വർഷത്തെ പൊതുസ്ഥലമാറ്റം സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തി പുറപ്പെടുവിച്ചിട്ടുള്ളതാണ്. അത് 2016-ലെ സ്ഥലമാറ്റത്തിന് മാത്രം ബാധകമായിട്ടുള്ളതാണ്. 2017 വർഷത്തേക്ക് ബാധകമല്ല. കൂടാതെ 20.01.2017-ൽ നടത്തിയ സ്ഥലമാറ്റം പൊതുസ്ഥലമാറ്റം ആയിരുന്നില്ല. ഭരണപരമായ സൗകര്യാർത്ഥം 2017-ൽ നടത്തിയ സ്ഥലംമാറ്റമായിരുന്നു. |
| (ബി) | പുന്നപ്ര എഞ്ചിനീയറിംഗ് കോളേജിലേയ്ക്ക് സ്ഥലം മാറ്റപ്പെട്ട ജൂനിയർ സൂപ്രണ്ട് ഇത് സംബന്ധിച്ച് കേപ്പ് ചെയർമാനും വൈസ് ചെയർമാനും നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (ബി) | അപേക്ഷകൾ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ